# കോവിഡ്-19 പ്രതിരോധത്തിന് കുടുംബശ്രീയും-6

കൊറോണ വൈറസ് വ്യാപനം തടയുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടത്തിവരുന്ന പരിശ്രമങ്ങൾക്കൊപ്പം ചേർന്ന് പ്രവർത്തിക്കുകയാണ് കുടുംബശ്രീ. അയൽക്കൂട്ട വനിതകൾ മുതൽ ഉദ്യോഗസ്ഥരും കുടുംബശ്രീയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുമെല്ലാം ഈ പരിശ്രമങ്ങളുടെ ഭാഗമാണ്. സംസ്ഥാനതലത്തിൽ രൂപംകൊടുത്ത്, എല്ലാ ജില്ലാ മിഷനുകൾക്കും നിർദ്ദേശം നൽകി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ കൂടാതെ അതാത് പ്രദേശത്തെ ആവശ്യങ്ങളും സാഹചര്യവും കണ്ടറിഞ്ഞ് ജില്ലകൾ സ്വയം നടപ്പിലാക്കുന്നതുമായ പരിപാടികളും പുരോഗമിക്കുന്നു.

സംസ്ഥാനതലത്തിൽ കുടുംബശ്രീ നടപ്പിലാക്കിയ/നടപ്പിലാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

1.മുഖ്യമന്ത്രിയുടെ സഹായഹസ്തം

അയൽക്കൂട്ടാംഗങ്ങൾക്ക് 2000 കോടി രൂപ പലിശരഹിത വായ്പയായി ലഭ്യമാക്കാനുള്ള മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി അനുസരിച്ച് മേയ് 8 വരെ വിശദമായ പരിശോധന നടത്തിയശേഷം 92,601 അയൽക്കൂട്ടങ്ങളുടെ വായ്പാ അപേക്ഷ ബാങ്കുകളിൽ സമർപ്പിച്ചു. ഇതിൽ 8577 അയൽക്കൂട്ടങ്ങളിലെ 1,00,653 അംഗങ്ങൾക്കായി 71,36,29,000 രൂപ വായ്പയായി ലഭ്യമാക്കിക്കഴിഞ്ഞു. ഏപ്രിൽ 22ന് ഔദ്യോഗിക തുടക്കമായ ഈ പദ്ധതി പ്രകാരം 2,41,921 അയൽക്കൂട്ടങ്ങളിലെ 31,59,447 അംഗങ്ങൾക്ക് ഈ വായ്പ ലഭിക്കും. കുടുംബശ്രീ കീഴിൽ ആകെ 2.86 ലക്ഷം അയൽക്കൂട്ടങ്ങളിലായി 42.45 ലക്ഷം പേരാണ് അംഗങ്ങളായുള്ളത്.

2.ബോധവത്കരണം

കേരളത്തിൽ ലോക് ഡൗൺ ആരംഭിക്കുന്നതിന് മുൻപ് തന്നെ പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ വിളിച്ചുചേർത്ത് 'ബ്രേക്ക് ദ ചെയിൻ ക്യാമ്പയിന്റെ' പ്രധാന്യത്തെക്കുറിച്ചും ഏവരും പ്രത്യേകിച്ച് വയോജനങ്ങൾ കരുതലോടെയും ശ്രദ്ധയോടെ ഇരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും 43 ലക്ഷം കുടുംബങ്ങളിൽ ബോധവത്കരണം നടത്തി. ബ്രേക്ക് ദ ചെയിൻ സന്ദേശത്തോടൊപ്പം തന്നെ വയോജനങ്ങൾ പ്രത്യേക കരുതലോടെയെരിക്കണമെന്ന എക്സിക്യൂട്ടീവ് ഡയറക്ടറുടെ സന്ദേശം കൂടി ഈ അയൽക്കൂട്ട യോഗങ്ങളിലൂടെ ജനങ്ങളിലേക്ക് എത്തിച്ചു. ലോക്ക് ഡൗൺ കാലയളവിലെ സർക്കാർ തീരുമാനങ്ങളും മറ്റ് പ്രധാന സന്ദേശങ്ങളും ജനങ്ങളിലേക്ക് നേരിട്ടെത്തിക്കാൻ അയൽക്കൂട്ട അംഗങ്ങളെ ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് സ്ഥിരമായി ആശയവിനിമയം നടത്തിവരുന്നു. 1.90 ലക്ഷത്തോളം ഗ്രൂപ്പുകളിലായി 22.5 ലക്ഷം അയൽക്കൂട്ടാംഗങ്ങൾ അംഗങ്ങളായുണ്ട്.

3.മാസ്കും സാനിറ്റൈസറും ഫേസ്ഷീൽഡും

വിപണിയിൽ മാസ്കുകളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ വേണ്ടി 306 തയ്യൽ യൂണിറ്റുകളുടെ നേതൃത്വത്തിൽ മേയ് 8 വരെ 28.75 ലക്ഷം മാസ്കുകൾ നിർമ്മിച്ചു. 5115 ലിറ്റർ സാനിറ്റൈസറും കുടുംബശ്രീ സംരംഭ യൂണിറ്റുകൾ മുഖേന ഉത്പാദിപ്പിച്ചു. തിരുവനന്തപുരം ജില്ലയിലെ യൂണിറ്റ് മുഖേന 5550 ഫേസ്ഷീൽഡുകൾ നിർമ്മിച്ചു വിതരണം ചെയ്തു. ഈ പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുന്നു.

4.സിവിൽ സപ്ലൈസിനായി തുണിസഞ്ചി നിർമ്മാണവും സന്നദ്ധസേവനവും

സിവിൽ സപ്ലൈസ് നൽകുന്ന സൗജന്യ ഭക്ഷ്യകിറ്റ് തയാറാക്കി വിതരണം നടത്തുന്നതിനായി 25 ലക്ഷം തുണിസഞ്ചികൾ നിർമ്മിച്ച് നൽകുന്ന

പ്രവർത്തനത്തിലേർപ്പെട്ടിരിക്കുകയാണ് 802 തയ്യൽ യൂണിറ്റുകൾ മേയ് ആറ് വരെ 19.87 ലക്ഷം സഞ്ചികൾ നിർമ്മിച്ച് നൽകി. ഇതോടൊപ്പം തന്നെ എല്ലാ ജില്ലകളിലും കുടുംബശ്രീ വോളന്റിയർമാർ ഭക്ഷ്യകിറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങളിൽ അതത് ജില്ലകളിലെ ആവശ്യാനുസരണം പങ്കെടുക്കുന്നു. മേയ് അഞ്ചിലെ കണക്ക് പ്രകാരം അന്നേദിവസം വിവിധ ജില്ലകളിലെ 85 സി.ഡി.എസുകളിൽ നിന്ന് 719 കുടുംബശ്രീ അംഗങ്ങൾ ഈ പ്രവർത്തനങ്ങളുടെ ഭാഗമായി.

5.കമ്മ്യൂണിറ്റി കിച്ചണുകളും ജനകീയ ഹോട്ടലുകളും ബോർഡർ ടേക് എവേ കൗണ്ടറുകളും

മേയ് ഏഴിലെ കണക്ക് അനുസരിച്ച് പഞ്ചായത്തിൽ 372 കമ്മ്യൂണിറ്റി കിച്ചണുകളും നഗരപ്രദേശത്ത് 63 കമ്മ്യൂണിറ്റി കിച്ചണുകളും കുടുംബശ്രീയുടെ സഹകരണത്തോടെ പ്രവർത്തിപ്പിച്ചു. മേയ് ആറ് വരെയുള്ള കണക്ക് അനുസരിച്ച് സംസ്ഥാനത്തൊട്ടാകെ കുടുംബശ്രീയുടെ നേതൃത്വത്തിൽ 408 ജനകീയ ഹോട്ടലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾക്ക് സമീപം ഭക്ഷണം ലഭിക്കാനുള്ള ബുദ്ധിമുട്ടുണ്ടെന്ന അവസ്ഥ അറിഞ്ഞ സാഹചര്യത്തിൽ ഇത്തരത്തിലുള്ള 13 ഇടങ്ങളിൽ കുടുംബശ്രീ യൂണിറ്റുകൾ ടേക്ക് എവേ കൗണ്ടറുകൾ പ്രവർത്തിച്ചുവരുന്നു. ഇത് കൂടാതെ സംസ്ഥാനത്തുള്ള വിവിധ കൊറോണ കെയർ സെന്ററുകളിലേക്ക് കുടുംബശ്രീ കാന്റീൻ/കാറ്ററിങ് യൂണിറ്റുകൾ വഴി ഇതുവരെ 27,793 ഭക്ഷണപ്പൊതികൾ നൽകി.

6.സംഭാവനയായി പച്ചക്കറി

ഏപ്രിൽ 30 വരെയുള്ള കണക്ക് അനുസരിച്ച് കുടുംബശ്രീയുടെ 16,268 കൃഷിസംഘങ്ങൾ വിളവെടുത്ത 1.16 ലക്ഷം കിലോഗ്രാം പച്ചക്കറിയും പഴവർഗ്ഗങ്ങളും മറ്റ് കാർഷിക ഉത്പന്നങ്ങളും കമ്മ്യൂണിറ്റി കിച്ചണുകളിലേക്ക് സംഭാവനയായി നൽകി.

7.ന്യൂട്രിമിക്സ് വിതരണം

6 മാസം മുതൽ 3 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് അംഗൻവാടികൾ വഴി ടേക് ഹോം റേഷനായി നൽകുന്ന 'അമൃതം' ന്യൂട്രിമിക്സ് ഉത്പാദിപ്പിക്കുന്ന 241 കുടുംബശ്രീ യൂണിറ്റുകളാണുള്ളത്. ഈ യൂണിറ്റുകൾ വഴി ഏപ്രിൽ മാസം 1583 മെട്രിക് ടൺ ന്യൂട്രിമിക്സ് ഉത്പാദിപ്പിച്ചു.

8.വയോജനങ്ങൾക്ക് പ്രത്യേക കരുതൽ

മറ്റ് അസുഖങ്ങളുള്ളതിനാലും രോഗ പ്രതിരോധശേഷി കുറയുന്നതിനാലും വയോജനങ്ങളിൽ കോവിഡ് 19 രോഗം ഏറെ ബുദ്ധിമുട്ടുണ്ടാക്കുമെന്ന സാഹചര്യത്തിൽ വയോജനങ്ങൾക്ക് കൂടുതൽ ശ്രദ്ധയും കരുതലും നൽകണമെന്ന രീതിയിലുള്ള ക്യാമ്പയിൻ കുടുംബശ്രീ സംഘടിപ്പിച്ചു. ഇത് കൂടാതെ അഗതി കുടുംബങ്ങളിലെ വയോജനങ്ങൾക്കും ഹോം ക്വാറന്റൈനിൽ കഴിയുന്ന വയോജനങ്ങൾക്കും പ്രത്യേക സഹായങ്ങൾ ചെയ്തു നൽകി. കേരളത്തിൽ വയോജനങ്ങൾ ഉൾപ്പെട്ട 1.14 ലക്ഷത്തോളം അഗതി കുടുംബങ്ങളെ 2176 റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ ഫോൺ വഴി ബന്ധപ്പെട്ട് അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി, വിവിധ സംയോജനങ്ങൾ വഴി സഹായങ്ങൾ ചെയ്ത് കൊടുത്തു. അഞ്ച് ദിവസത്തിലൊരിക്കൽ ഇവരെ ബന്ധപ്പെടുകയും വിവരങ്ങൾ ആരായുകയും ചെയ്യുന്നു. ഏപ്രിൽ 4 മുതൽ 22 വരെ നാല് ഘട്ടങ്ങളിലായാണ് ഈ പ്രവർത്തനം നടത്തിയത്. ഓരോ തവണയും 1.14 ലക്ഷം പേരിൽ 95 ശതമാനം പേരെയും വിളിക്കാൻ കഴിഞ്ഞു. ഈ ഫോൺ വഴി ലഭിച്ച മറുപടികൾ അനുസരിച്ച് 4723 പേർക്ക് അവശ്യമരുന്നുകളും 6502 പേർക്ക് ആരോഗ്യ സേവനങ്ങളും 5779 പേർക്ക് ഭക്ഷണവും 240 പേർക്ക് മറ്റ് സേവനങ്ങളും ലഭ്യമാക്കാൻ കഴിഞ്ഞു. ഹോം ക്വാറന്റൈനിലുള്ള കുടുംബങ്ങളിൽ പ്രൈമറി കോൺടാക്ട് 60 വയസ്സിന് മുകളിൽ പ്രായമുള്ളവരുള്ള കുടുംബങ്ങളെ

കണ്ടെത്തി അവർക്ക് പ്രത്യേക ബോധവത്കരണം നടത്തുന്നു. റിസോഴ്സ് പേഴ്സൺമാർ വഴി ഈ കുടുംബങ്ങളെ സ്ഥിരമായി ബന്ധപ്പെടുകയും അവർക്കുള്ള ആവശ്യങ്ങൾ നിറവേറ്റാൻ തദ്ദേശ സ്ഥാപനങ്ങളും ആരോഗ്യവകുപ്പുമായും സംയോജനങ്ങൾ നടത്തുന്നു. 786 റിസോഴ്സ് പേഴ്സൺമാർ വഴി ഏപ്രിൽ അഞ്ച് മുതൽ പ്രതിദിനം 5000ത്തോളം പേരെ ഇത്തരത്തിൽ ബന്ധപ്പെട്ടു. ഏപ്രിൽ 20 വരെ 1185 പേർക്ക് ഭക്ഷണവും 305 പേർക്ക് അവശ്യമരുന്നുകളും ലഭ്യമാക്കി.

9.സന്നദ്ധസേന പോർട്ടലിലേക്ക് രജിസ്ട്രേഷൻ

പ്രതിസന്ധി കാലഘട്ടത്തിൽ സന്നദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കായി കേരള സർക്കാരിന്റെ സന്നദ്ധസേന പോർട്ടലിലേക്ക് അയൽക്കൂട്ടാംഗങ്ങൾ ഉൾപ്പെടെ കുടുംബശ്രീ കുടുംബാംഗങ്ങൾക്കും പരിശീലന ടീം അംഗങ്ങളും ജീവനക്കാരുൾപ്പെടെ മറ്റ് ബന്ധപ്പെട്ടവർക്കും രജിസ്റ്റർ ചെയ്യാനുള്ള സഹായങ്ങൾ ചെയ്തുവരുന്നു. ഇതേ രീതിയിൽ 10,804 പേർ സന്നദ്ധസേന പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും 39,197 പേരുടെ വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ശേഖരിച്ച് ലഭ്യമാക്കുകയും ചെയ്തു. ഇത്തരത്തിൽ കേരള സർക്കാരിനൊപ്പം സന്നദ്ധ സേവനത്തിനായി 50,001 പേർ മുന്നോട്ടുവന്നു.

10.കൗൺസിലിങ് സേവനങ്ങൾ

കുടുംബശ്രീയിൽ 360 കമ്മ്യൂണിറ്റി കൗൺസിലർ മാരുണ്ട്. ആരോഗ്യവകുപ്പും ജില്ലാ ഭരണകൂടവുമായി ചേർന്ന് ഇവരുടെ നേതൃത്വത്തിൽ ആളുകൾക്ക് കൗൺസിലിങ്ങും മാനസിക പിന്തുണയും നൽകി വരുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. മരുന്ന് ലഭ്യമാക്കൽ, ഭക്ഷണക്കിറ്റ് വിതരണം എന്നിങ്ങനെ ജില്ലകളുടെ ആവശ്യമനുസരിച്ചും കമ്മ്യൂണിറ്റി കൗൺസിലർമാർ പ്രവർത്തിക്കുന്നു. കമ്മ്യൂണിറ്റി കൗൺസിലർമാർ, സ്നേഹിത കേന്ദ്രം ജീവനക്കാർ എന്നിവർ വഴി മാർച്ച് 23 മുതൽ മേയ് 3 വരെ 1.15

ലക്ഷത്തിലേറെ പേർക്ക് ആവശ്യമായ മാനസിക പിന്തുണയും കൗൺസിലിങ്ങും മറ്റ് സേവനങ്ങളും നൽകി.

ഇത് കൂടാതെ ഓരോ ജില്ലയും പ്രാദേശികമായ ആവശ്യങ്ങൾ പരിഗണിച്ച് നിരവധി പ്രവർത്തനങ്ങളും നടത്തിവരുന്നു.